II ഇ.ബി. XIII- കേരള നിയമസഭ/XV-7

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ഡിസംബർ 08, ചൊവ്വ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

16 (*181) സംസ്ഥാനത്തെ കേന്ദ്രനിക്ഷേപം

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, കേന്ദ്രനിക്ഷേപം

ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള വിപണി വിപുലീകരണത്തിനും ഉല്പാദന വർദ്ധനയ്ക്കും പരിഗണന നൽകിക്കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികളും നയപരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ വിപുലീകരണത്തിനും അനുബന്ധ വ്യവസായ വികസനത്തിനുമായി 20,000 കോടി രൂപയുടെ കേന്ദ്രനിക്ഷേപമുണ്ട്. പാലക്കാട് ജില്ലയിൽ മെഗാഫുഡ് പാർക്ക്, ഡിഫൻസ് പാർക്ക് എന്നിവയ്ക്കും കൊച്ചിയിലെ ഇലക്ട്രോണിക് മാന്യുഫാക്ചറിംഗ് ക്ലസ്റ്ററിനും 50 കോടി രൂപ വീതം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ടെന്നും കാക്കനാട് ഇന്റർനാഷണൽ എക്സിബിഷൻ കൺവെൻഷൻ സെന്ററിനും കോഴിക്കോട് ഫുട്‌വെയർ ക്ലസ്റ്ററിനും അംഗീകാരം ലഭിക്കാനുണ്ടെന്നും ഗ്ലോബൽ ആയുർവ്വേദ വില്ലേജ് തിരുവനന്തപുരത്ത് വിജയകരമായി നടന്നുവരുന്നുണ്ടെന്നും വർക്കലയിൽ ഇതിന്റെ രണ്ടാംഘട്ടത്തിനുവേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും തൊടുപുഴയിൽ സ്പൈസസ് പാർക്കിനുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. റെയിൽ കോച്ച് ഫാക്ടറിക്കും ഇൻഡ്യൻ ടെലിഫോൺ ഇൻഡസ്ട്രീസിനുംവേണ്ടി കേന്ദ്രസർക്കാർ ഫണ്ട് അനുവദിച്ചിട്ടില്ലെന്നും

എഫ്.എ.സി.ടി.യുടെ പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടില്ലെന്നും സ്വകാര്യവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നതെന്നും മന്ത്രി വ്യക്തമാക്കി. എമർജിംഗ് കേരളയിൽ 209 കോടി രൂപ നിക്ഷേപമുള്ള രണ്ട് പദ്ധതികൾ പൂർത്തിയാകുകയും പന്ത്രണ്ട് പദ്ധതികൾ പുരോഗമിച്ചുവരികയുമാണ്. ചെറുകിട വ്യവസായ മേഖല ദേശീയ ശരാശരിയേക്കാൾ വളർച്ചാ നിരക്ക് നേടുകയും സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് 7.84 കോടി രൂപയായി വർദ്ധിക്കുകയും ഐ.ടി. എക്സ്പോർട്ടിൽ വമ്പിച്ച വർദ്ധനവുണ്ടാകുകയും വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ മേഖലയിൽ പ്രതിവർഷം 12.3% വളർച്ചാനിരക്ക് ഉണ്ടാകുന്നുണ്ട്. സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ട പണികൾ പൂർത്തിയായിട്ടുണ്ടെന്നും ജനുവരിയിൽ ഉദ്ഘാടനം ചെയ്യുന്നതാണെന്നും ആഭ്യന്തര വിപണനം ശക്തിപ്പെടുത്തുന്നതിനായി ഇടയാറിൽ ആരംഭിച്ച ബിസിനസ്സ് ഗാല സ്ഥലലഭ്യതയ്ക്കനുസരിച്ച് മറ്റു സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് ടെക്സ്റ്റൈൽ മില്ലുകളുടെ പുനരുദ്ധാരണ പാക്കേജിന് രൂപം നൽകുന്നതാണെന്നും പരമ്പരാഗത വ്യവസായങ്ങളെ ആധുനികവത്കരിക്കുന്നതു സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും ലാന്റ് അക്വിസിഷൻ നടപടികൾ

ലഘൂകരിക്കുന്നതിന് ശ്രമിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17 (*182) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, യുവജനങ്ങൾക്ക് കായികമായും മാനസികമായും കരുത്തേകുന്ന വിധത്തിൽ കേരളോത്സവം, ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ് തുടങ്ങിയ പദ്ധതികൾ യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പ്രോജക്ട് മാനേജ്മെന്റ് സെല്ലിന്റെ ശിപാർശ പ്രകാരം വിവിധ തലത്തിലുള്ള പരിശോധനകൾക്കും പരിഗണനകൾക്കുംശേഷമാണ് ജില്ല/ഗ്രാമപഞ്ചായത്ത് കോ-ഓർഡിനേറ്റർമാർ യുവജനങ്ങളുമായി സംവദിച്ച് വിഭാവനം ചെയ്യുന്ന പ്രോജക്ടുകൾക്ക് തുക അനുവദിക്കുന്നത്. പുനർജ്ജനി, ജീവദായിനി, യുവജന സാമൂഹിക പ്രതിബദ്ധതാ പദ്ധതി, വിവിധ ഗവേഷണ പദ്ധതികൾ, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ലഹരി വിമുക്ത കേരളം കാമ്പയിൻ, സ്പോർട്സ് കിറ്റ് വിതരണം, വനിതാശാക്തീകരണം, സാക്ഷരത, തൊഴിൽ പരിശീലനം, പ്രകൃതി പഠനം, പരിസ്ഥിതി വിജ്ഞാനം, ജൈവകൃഷി എന്നീ മേഖലകളിൽ യുവജനങ്ങളുടെ കർമ്മശേഷിയെ സാമൂഹ്യ മുന്നേറ്റത്തിന്

സജ്ജമാക്കുന്ന തരത്തിലുള്ള പദ്ധതികൾ സംഘടിപ്പിച്ചിട്ടുണ്ട്. എന്റർപ്രണേഴ്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടപ്പിലാക്കുന്ന സംരംഭകത്വ പരിശീലന പരിപാടിയിലൂടെ 1256 പേർക്ക് പരിശീലനം നൽകുകയും യൂത്ത് എംപ്ലോയ്മെന്റ് പ്രൊമോഷൻ മീറ്റ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സി-ഡിറ്റിന്റെ സഹായത്തോടുകൂടി യുവജനങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നുണ്ടെന്നും യുവജന ക്ഷേമബോർഡ് യുവജന പഠന ഗവേഷണ കേന്ദ്രം ആരംഭിച്ചിട്ടുണ്ടെന്നും തിരുവനന്തപുരത്തെ ആനാട് പഞ്ചായത്തിലും വയനാട്ടിലെ എടവക പഞ്ചായത്തിലും ഇതുസംബന്ധിച്ച് പൈലറ്റ് സ്റ്റഡി നടത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കൃഷി, കല, സാഹിത്യം, സാമൂഹ്യം, സംരംഭകത്വം, കായികം, മാദ്ധ്യമം എന്നീ മേഖലകളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന യുവജനങ്ങൾക്കായി സ്വാമി വിവേകാനന്ദ യുവപ്രതിഭ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുതല യൂത്ത്ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടെന്നും കോ-ഓർഡിനേറ്റർമാരുടെ ഓണറേറിയം രണ്ടായിരം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ആർഭാടരഹിത വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വിവാഹ മോചനം നിരുത്സാഹപ്പെടുത്തുന്നതിനുമുള്ള ബോധവത്കരണ പരിപാടികളും ഇൻഡ്യൻ ഭരണഘടനയെക്കുറിച്ചുള്ള അവബോധമുണ്ടാക്കുന്നതിനായി കാമ്പയിൻ സംഘടിപ്പിക്കുന്ന കാര്യവും

ആലോചിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2202 മുതൽ 2468 വരെയുള്ള ചോദ്യങ്ങളിൽ 141 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)